# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6321 | 08.07.2014-ൽ മറുപടിയ്ക്ക്

## ബിസിനസ് ഇന്ത്യാ നിക്ഷേപത്തട്ടിപ്പ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ബിസിനസ് ഇന്ത്യാ നിക്ഷേപത്തട്ടിപ്പ് കേസ്സിന്റെ അന്വേഷണം എന്നാണ് ആരംഭിച്ചത്; | (എ) ബിസിനസ് ഇന്ത്യാ നിക്ഷേപത്തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് മാവേലിക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 171/09 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 31.03.2009 മുതൽ അന്വേഷണം നടത്തിയിട്ടുള്ളതും ടി കേസ് 18.05.2010 മുതൽ ക്രൈംബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.(ക്രൈം നമ്പർ 392/സി.ആർ/ ഇ.ഒ.ഡ.ബ്ല്യൂ 2010). |
| (ബി) പ്രസ്തുത കേസ്സിലെ കുറ്റപത്രം എത്ര കാലത്തിനുള്ളിൽ സമർപ്പിക്കാനാണ് ഹൈക്കോടതി ഉത്തരവിട്ടിരുന്നത്; വ്യക്തമാക്കാമോ; | (ബി) 04.11.2013 മുതൽ ആറ് മാസത്തിനുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹു.ഹൈക്കോടതി ഉത്തരവിട്ടിരുന്നു. |
| (സി) പ്രസ്തുത ഉത്തരവിൽ പറഞ്ഞ കാലാവധി അവസാനിച്ചിട്ടുണ്ടോ; പറഞ്ഞ കാലയളവിനുള്ളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) പ്രസ്തുത ഉത്തരവിൽ പറഞ്ഞ കാലാവധി അവസാനിച്ചിട്ടുണ്ട്. ടി കാലയളവിൽ കുറ്റപത്രം സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതേ തട്ടിപ്പിന് മാവേലിക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വന്നിരുന്ന ക്രൈം 436/11 നമ്പർ കേസ് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ച് വിഭാഗം ക്രൈം നമ്പർ 392/ സി.ആർ/ ഇ.ഒ.ഡബ്ല്യൂ 2010 എന്ന കേസുമായി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരുന്നതിനാൽ അന്തിമ റിപ്പോർട്ട് നിശ്ചിത സമയത്തിനുള്ളിൽ ബഹു. കോടതിയിൽ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ കേസിൽ എത്ര പ്രതികളുണ്ട്;എത്ര പേർ അറസ്റ്റിലായി; എത്ര പേർക്ക് ജാമ്യം ലഭിച്ചു; വ്യക്തമാക്കാമോ; | (ഡി) | ഈ കേസിൽ കമ്പനി ഉൾപ്പെടെ 23 പ്രതികളുണ്ട്. 8 പേരെ അറസ്റ്റ് ചെയ്തു. ടി 8 പേർക്കും ബഹു. കോടതിയിൽ നിന്നും ജാമ്യം ലഭിച്ചു. |
| (ഇ) | അറസ്റ്റിലാകാത്തവരെ കണ്ടെത്താൻ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടോ; ജാമ്യത്തിലിറങ്ങിയ പ്രതികൾ കടന്നുകളഞ്ഞതായി വിവരം ലഭിച്ചിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഇവരുടെ ജാമ്യം റദ്ദാക്കുന്നതിനോ ഇവരെ കണ്ടെത്തുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഈ കേസ് സംബന്ധിച്ച് ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടില്ല. ജാമ്യത്തിലിറങ്ങിയ പ്രതികൾ കടന്നു കളഞ്ഞതായി വിവരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ